**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4591** **13.11.2019-ലെ മറുപടി**

**വികാസ് ഭവൻ പോലീസ് ക്വാർട്ടേഴ്സിലെ കുടിവെള്ളക്ഷാമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | വികാസ് ഭവൻ പോലീസ് ക്വാർട്ടേഴ്സിൽ കുടിവെള്ളം ആവശ്യത്തിന് ലഭ്യമല്ലാത്തത് മൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. |
| ബി) | ഇരുന്നൂറ്റി ഇരുപത്തിനാല് ക്വാർട്ടേഴ്സുകളിലായി ഏകദേശം ആയിരത്തിൽപ്പരം പേർ താമസിക്കുന്ന പ്രസ്തുത ക്വാർട്ടേഴ്സിലേക്ക് പൈപ്പ് വെള്ളം ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ്; വ്യക്തമാക്കുമോ; | ബി) | പ്രസ്തുത ക്വാർട്ടേഴ്സിലേക്കുള്ള വാട്ടർ കണക്ഷനിൽ ജലദൗർലഭ്യം ഉണ്ടെന്നുള്ള പരാതി പരിശോധിച്ചതിൽ നിന്നും കവടിയാർ പേരൂർക്കട എന്നീ ഉയർന്ന ഭാഗങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി വാൽവുകൾ ക്രമീകരിച്ചത് മൂലമാണ് ക്വാർട്ടേഴ്സിൽ മുൻകാലങ്ങളിൽ ലഭിച്ച കുടിവെള്ളത്തിന്റെ അളവിൽ കുറവ് വന്നിട്ടുള്ളതെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതനുസരിച്ച് വാൽവ് ക്രമീകരണത്തിൽ മാറ്റം വരുത്തി നിലവിൽ പ്രതിദിനം 132 കിലോ ലിറ്ററോളം ജലം ക്വാർട്ടേഴ്സിലെ ജലസംഭരണിയിൽ ലഭ്യമാക്കുന്നുണ്ട്. ഇതനുസരിച്ച് ഒരു ക്വാർട്ടേഴ്സിന് ശരാശരി 600 ലിറ്ററോളം ജലം പ്രതിദിനം ലഭ്യമാക്കുന്നുണ്ട്. |
| സി) | ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രാഥമികാവശ്യത്തിന് പോലും ജലം ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ശാശ്വതമായി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരമായി അരുവിക്കരയിൽ 75 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല പണി പുരോഗമിച്ചു വരുന്നു. ടി ശുദ്ധീകരണശാല അടുത്ത വർഷം പൂർത്തിയാകുന്നതോടെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതാണ്. എന്നാലും അടിയന്തിര നടപടി എന്ന നിലയ്ക്ക് ക്വാർട്ടേഴ്സിൽ ടാങ്കർ ലോറി വഴി ശുദ്ധജലം എത്തിക്കുന്നുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ